**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2083** **09-02-2023 - ൽ മറുപടിയ്ക്ക്**

**വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി - വിജിലൻസ് അന്വേഷണത്തിന്റെ പുരോഗതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. ജെ. വിനോദ്,<br>ശ്രീ. സജീവ് ജോസഫ്,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീമതി.ഉമ തോമസ് | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതി സംബന്ധിച്ച് മുഖ്യമന്ത്രിയുടെ മുൻ പ്രിൻസിപ്പൽ സെക്രട്ടറി ഉൾപ്പെടെയുള്ളവർക്കെതിരെ ആരോപിക്കപ്പെട്ട ക്രമക്കേടുകളെപ്പറ്റി വിജിലൻസ് അന്വേഷണം നടത്തിയിരുന്നോ; ഇത് സംബന്ധിച്ച അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത അന്വേഷണ റിപ്പോർട്ടിലെ പ്രധാന കണ്ടെത്തലുകൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ; | (എ) | വടക്കാഞ്ചേരി ലൈഫ് മിഷൻ പദ്ധതിയിലെ ക്രമക്കേടുകൾ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ യൂണിറ്റ് - 1 ൽ ഒരു വിജിലൻസ് കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരുന്നുണ്ട്. പ്രസ്തുത കേസിന്റെ അന്വേഷണം പൂർത്തിയായിട്ടില്ല. |
| (ബി) | അന്വേഷണ റിപ്പോർട്ട് സമർപ്പിച്ചിട്ടില്ലെങ്കിൽ അന്വേഷണം പൂർത്തീകരിക്കുന്നതിലുള്ള കാലതാമസത്തിന്റെ കാരണം വ്യക്തമാക്കുമോ; | (ബി) | ഈ കേസിന്റെ അന്വേഷണത്തിന് ഉതകുന്ന ചില തെളിവുകൾ ലഭ്യമാണോ എന്ന് പരിശോധിക്കേണ്ടതുണ്ട്. ഇതിനുള്ള നടപടികൾ ബഹു.കോടതി മുഖേന സ്വീകരിച്ചുവരുന്നു. |
| (സി) | പ്രളയ ദുരിതബാധിതരായ ജനങ്ങളുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി കണ്ടെത്തിയിട്ടുണ്ടെങ്കിൽ കുറ്റക്കാരെ മാതൃകാപരമായി ശിക്ഷിക്കുവാൻ അടിയന്തര നടപടി സ്വീകരിക്കുമോ; വിശദാംശം നൽകുമോ? | (സി) | പ്രളയദുരിതബാധിതരുടെ പേരിൽ സമാഹരിച്ച പണം തട്ടിയെടുത്തതായി ആരോപിക്കപ്പെട്ട എറണാകുളം കളക്ടറേറ്റിലെ ക്ലർക്കായ ശ്രീ.വിഷ്ണുപ്രസാദിനെതിരെ തൃക്കാക്കര പോലീസ് സ്റ്റേഷനിൽ കേസ് രജിസ്റ്റർ ചെയ്തിരുന്നു. അതോടൊപ്പം, അനധികൃത സ്വത്ത് സമ്പാദനത്തിന് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോയുടെ എറണാകുളം സ്പെഷ്യൽ സെല്ലിൽ ഒരു വിജിലൻസ് അന്വേഷണവും നടന്നുവരുന്നുണ്ട്.<br><br>കോഴിക്കോട് ജില്ലയിൽ പ്രളയദുരിതാശ്വാസ ധനസഹായ ഇനത്തിൽ SDRF, CMDRF ശീർഷകങ്ങളിൽ നിന്നായി ധനസഹായവിതരണം നടത്തുന്നതിൽ ബന്ധപ്പെട്ട സെക്ഷന്റെ ചുമതലയുണ്ടായിരുന്ന ജൂനിയർ സൂപ്രണ്ടായ ഉമാകാന്തൻ.ഒ എന്ന ഉദ്യോഗസ്ഥൻ വീഴ്ച വരുത്തിയതായി കണ്ടെത്തിയിട്ടുണ്ട്. മേൽ ഉദ്യോഗസ്ഥനെ അന്വേഷണ വിധേയമായി |

| | | | |
|---|---|---|---|
| | | | സസ്പെന്റ് ചെയ്യുകയും അച്ചടക്ക നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ